## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3208
## 11.05.2017- ലെ മറുപടിക്ക്

### പദ്ധതി നിർവ്വഹണത്തിന്റെ വേഗതയും കാര്യക്ഷമതയും കൂട്ടുന്നതിനായി നടപടി

| ചോദ്യം<br>**ശ്രീ.സി. ദിവാകരൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ.വി.ആർ.സുനിൽകുമാർ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി.** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| (എ) പദ്ധതി നിർവ്വഹണത്തിന്റെ വേഗതയും കാര്യക്ഷമതയും കൂട്ടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതി നിർവ്വഹണം ത്വരിതഗതിയിൽ ആക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 1516.88 കോടി രൂപയുടെ പദ്ധതികൾക്ക് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്യുന്നതാണ്.<br>ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി 18/01/2017- ലെ സ.ഉ(പി)നം.4/2017/ധന. ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 5 കോടിയിൽ നിന്നും 10 കോടിയായും, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 10 കോടിയിലധികമുള്ള പ്രോജക്ടുകൾക്കായും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വർക്കിംഗ് ഗ്രൂപ്പ്, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ സമയബന്ധിതമായി നടത്തുന്നതിനായി 31/03/2017 – ൽ സർക്കുലർ നം. 22/2017/ധന. പ്രകാരവും നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമെ 05/04/2017 – ൽ ബഹു.മുഖ്യമന്ത്രി വിളിച്ചു ചേർത്ത സെക്രട്ടറിമാരുടെ മീറ്റിംഗിൽ 60% പ്ലാൻ സ്കീമുകൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും 2017 ജൂൺ അവസാനത്തോടുകൂടിയും, വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ ജൂലൈ 2017- നും, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ സെപ്റ്റംബർ 2017 -നും RIDF പദ്ധതികൾക്ക് ഭരണാനുമതി ജൂൺ/ജൂലൈ മാസത്തോടുകൂടിയും പൂർത്തീകരിക്കണമെന്നും തീരുമാനമെടുത്തിട്ടുണ്ട്. |

| | |
|---|---|
| | 30/03/2017 തീയതിയിലെ 20/2017/ധന. നമ്പർ സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ പദ്ധതി ചെലവുകൾ അവസാന മാസത്തിലേയ്ക്ക് മാറ്റി വെക്കുന്നത് ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം മാർച്ച് മാസത്തിന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടക്കം എല്ലാ വകുപ്പുകളും 85 ശതമാനം പദ്ധതിചെലവ് നടത്തിയിരിക്കണമെന്നും ബാക്കി 15 ശതമാനം മാർച്ച് മാസത്തിൽ ചെലവഴിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ഇപ്രകാരം പദ്ധതിവിഹിതം ചെലവഴിക്കുമ്പോൾ അവസാന പാദത്തിലെ ചെലവ് 33 ശതമാനത്തിൽ കൂടരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br>പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവും ആക്കുന്നതിന് വേണ്ടി ഓരോ മാസവും ചീഫ് സെക്രട്ടറി അധ്യക്ഷനായി അതാതു വകുപ്പ് സെക്രട്ടറിമാരുടെ പദ്ധതി അവലോകന യോഗം ചേരാറുണ്ട്. ഇതുകൂടാതെ ഓരോ പദ്ധതിക്കും വകയിരുത്തിയ പദ്ധതി വിഹിതവും അതിനു ചെലവായ തുകയും നിരീക്ഷിക്കുന്നതിന് പ്ലാൻ സ്പേസ് എന്ന മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്. |
| (ബി) ഇതിനായി തയ്യാറാക്കുന്ന ഗ്രീൻ ബുക്കിന്റെ സവിശേഷതകൾ വിശദമാക്കുമോ; | പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവും ആക്കുന്നതിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ളതും സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ നടപ്പിലാക്കേണ്ടതുമായ എല്ലാ പദ്ധതികളും മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തിയാണ് ഗ്രീൻ ബുക്ക് തയ്യാറാക്കിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 1516.88 കോടി രൂപയുടെ പദ്ധതികൾക്കാണ് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (സി) ഏതെല്ലാം മേഖലകളിലും ഇനത്തിലുമുള്ള പദ്ധതികളാണ് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ